LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജ്-മാനേജ്മെന്റ് മെരിറ്റ് സീറ്റുകളിലെ ഫീസ്

*9 [128] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിലേക്കും മാനേജ്മെന്റ് സീറ്റിലേക്കും ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ രണ്ട് വിഭാഗങ്ങളിലും ഓരോ ഇനങ്ങളിൽ എത്ര രൂപ വീത മാണ് ഫീസായി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മാനേജ്മെന്റ് സീറ്റിലേക്കുള്ള പ്രവേശനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ—ഡി) ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനായി ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി, അഡ്മിഷനും, ഫീസും സംബന്ധിച്ച കാര്യങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ അതിലെ ഫീസ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സ്വീകാര്യമായി തോന്നാത്ത തിനാൽ ഇക്കാര്യം സർവ്വകക്ഷി നേതാക്കൾ, കോളേജ് മാനേജ്മെന്റ് പ്രതിനിധി കൾ, വിദ്യാർത്ഥി നേതാക്കൾ എന്നിവരുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതിനായി സമഗ്രമായ നിയമനിർമ്മാണം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരിക യുമാണ്.

പ്ലസ് വൺ ക്ലാസ്സിൽ പബ്ലിക് പരീക്ഷ ഏർപ്പെടുത്തുവാനുള്ള നടപടി

*10 [129] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, എൻ. ശക്തൻ:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ ക്ലാസ്സിൽ പബ്ലിക് പരീക്ഷ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പബ്ലിക് പരീക്ഷ നടത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;